ആത്മഹത്യാ നിരക്ക്

137 (3740) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ '5' വർഷങ്ങളിലായി ഓരോ വർഷവും എത്ര ആത്മഹത്യവീതം നടന്നിട്ടുണ്ടെന്നും അതിൽ പുരുഷന്മാർ, സ്ത്രീകൾ, വിവാഹിതർ, വിദ്യാർത്ഥികൾ, തൊഴിൽരഹിതർ, വിദേശത്ത് തൊഴിൽ ചെയ്ത് മടങ്ങിയവർ എത്ര വീതമെന്നും വ്യക്തമാക്കാമോ ;

(ബി) ഇൻഡ്യയിൽ ആത്മഹത്യാനിരക്കിന്റെ കാര്യത്തിൽ കേരളത്തിന് എത്രാമത്തെ സ്ഥാനമാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കേരളത്തിൽ ആത്മഹത്യാനിരക്ക് കൂട്ടുവാനുള്ള കാരണങ്ങൾ സംബന്ധിച്ച് സർക്കാറിന്റെ കീഴിലുള്ള ഏതെങ്കിലും ആരോഗ്യസ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കേരളീയരിൽ കൂടിവരുന്ന ആത്മഹത്യാ പ്രവണത കുറയ്ക്കാൻ സർക്കാറിന്റെ ഭാഗത്തുനിന്ന് എന്തൊക്കെ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* .

(ബി) 2000-ാമാണ്ടിലെ എൻ. സി. ആർ. ബി. പ്രസിദ്ധീകരണം (ആക്സിഡന്റ് ഡെത്ത് ആൻഡ് സൂയിസൈഡ്) അനുസരിച്ച് ആത്മഹത്യാനിരക്കിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. (റേറ്റ് 28.8%)

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

ഭാഷാ ന്യൂനപക്ഷത്തിന്റെ പരിരക്ഷ ലഭിക്കുന്ന പ്രദേശങ്ങൾ

138 (3742) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭാഷാ ന്യൂനപക്ഷത്തിന്റെ പരിരക്ഷ ലഭിക്കുന്നത് ഏതെല്ലാം പ്രദേശങ്ങൾക്കാണെന്നും, ഇത് എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്നും വ്യക്തമാക്കാമോ ;

(ബി) ഭാഷാ ന്യൂനപക്ഷ ജില്ലകളിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരായി ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ നിയമിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധമായ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly